**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2045** **09-02-2023 - ൽ മറുപടിയ്ക്ക്**

**പോലീസ് വകുപ്പിലെ സബ് ഇൻസ്പെക്ടർമാരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പോലീസ് വകുപ്പിൽ ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽ സബ് ഇൻസ്പെക്ടർമാരുടെ എത്ര തസ്തിക നിലവിലുണ്ടെന്ന് അറിയിക്കാമോ; | (എ) | പോലീസ് വകുപ്പിൽ സബ് ഇൻസ്പെക്ടർ കേഡറിൽ (KCP) ആകെ 2022 തസ്തികകൾ നിലവിലുണ്ട്. |
| (ബി) | 31.12.2022 - ലെ കണക്ക് പ്രകാരം പോലീസ് വകുപ്പിൽ ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽ, കോൺസ്റ്റാബുലറി വിഭാഗത്തിൽ നിന്ന് സ്ഥാനക്കയറ്റം ലഭിച്ച് നിലവിൽ പ്രവൃത്തിയെടുത്ത് വരുന്ന സബ് ഇൻസ്പെക്ടർമാരുടെയും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നേരിട്ട് നിയമനം ലഭിച്ച് നിലവിൽ പ്രവൃത്തിയെടുത്ത് വരുന്ന സബ് ഇൻസ്പെക്ടർമാരുടേയും എണ്ണം വ്യക്തമാക്കാമോ; | (ബി) | 31.12.2022-ലെ കണക്ക് പ്രകാരം പോലീസ് സേനയിൽ സബ് ഇൻസ്പെക്ടർ കേഡറിൽ (കെ.സി.പി) പ്രമോഷൻ വഴി നിയമനം ലഭിച്ച 918 എസ്.ഐ.-മാരും നേരിട്ട് നിയമനം ലഭിച്ച 697 എസ്.ഐ.-മാരും നിലവിലുണ്ട്. |
| (സി) | ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽ സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടെ ചുമതല പോലീസ് ഇൻസ്പെക്ടർമാരെ ഏൽപ്പിച്ച ഉത്തരവിനെ തുടർന്ന് എത്ര സബ് ഇൻസ്പെക്ടർമാരെയാണ് പ്രമോട്ട് ചെയ്ത് പോലീസ് ഇൻസ്പെക്ടർമാരാക്കിയത്; അപ്രകാരം പ്രമോഷനിൽ ഉൾപ്പെട്ട കോൺസ്റ്റാബുലറി വിഭാഗത്തിൽ നിന്ന് സ്ഥാനക്കയറ്റം ലഭിച്ച സബ് ഇൻസ്പെക്ടർമാരുടെയും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നേരിട്ട് നിയമനം ലഭിച്ച സബ് ഇൻസ്പെക്ടർമാരുടെയും എണ്ണം വ്യക്തമാക്കാമോ; | (സി) | നേരിട്ട് നിയമനം ലഭിക്കുന്ന സബ് ഇൻസ്പെക്ടർമാരുടെയും Police Constabulary വിഭാഗത്തിൽ നിന്നും പ്രമോഷൻ ആയി വരുന്ന സബ് ഇൻസ്പെക്ടർമാരുടെയും സംയോജിത സീനിയോരിറ്റി ലിസ്റ്റ് അടിസ്ഥാനമാക്കി യോഗ്യതയുള്ളവർക്കാണ് ഇൻസ്പക്ടർ തസ്തികയിൽ പ്രമോഷൻ നൽകി വരുന്നത്. കേരള സിവിൽ പോലീസ് വിഭാഗത്തിൽ സ.ഉ. (കൈ) നം. 150/2018/ആഭ്യന്തരം, തീയതി 29.01.2018 പ്രകാരം അപ്ഗ്രേഡ് ചെയ്ത് 268 ഇൻസ്പെക്ടർ ഓഫ് പോലീസ് തസ്തികകകളാണ് സൃഷ്ടിക്കപ്പെട്ടത്. |
| (ഡി) | ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽ 01.01.2012 മുതൽ 31.12.2022 വരെ കോൺസ്റ്റാബുലറി വിഭാഗത്തിൽ നിന്ന് സ്ഥാനക്കയറ്റം ലഭിച്ച സബ് ഇൻസ്പെക്ടർമാരുടെയും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നേരിട്ട് നിയമനം ലഭിച്ച സബ് ഇൻസ്പെക്ടർമാരുടെയും എണ്ണം വ്യക്തമാക്കാമോ; | (ഡി) | ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽ 01.01.2012 മുതൽ 31.12.2022 വരെ കോൺസ്റ്റാബുലറി വിഭാഗത്തിൽ നിന്ന് സ്ഥാനക്കയറ്റം ലഭിച്ച സബ് ഇൻസ്പെക്ടർമാരുടെയും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നേരിട്ട് നിയമനം ലഭിച്ച സബ് ഇൻസ്പെക്ടർമാരുടെയും ആകെ എണ്ണം ചുവടെ ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | പി.എസ്.സി. വഴി നേരിട്ട് നിയമനം ലഭിച്ച എസ്.ഐ.മാരുടെ എണ്ണം - **1091**<br><br>സ്ഥാനക്കയറ്റം വഴി നിയമനം ലഭിച്ച എസ്.ഐ.മാരുടെ എണ്ണം - **4109** |
| (ഇ) | ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽ 01.01.2012 മുതൽ 31.12.2022 വരെ കോൺസ്റ്റാബുലറി വിഭാഗത്തിൽ നിന്ന് സ്ഥാനക്കയറ്റം ലഭിച്ച എത്ര സബ് ഇൻസ്പെക്ടർമാർക്ക് പോലീസ് ഇൻസ്പെക്ടർമാരായി പ്രമോഷൻ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ഇ) | പ്രമോഷൻ വഴിയുള്ളവരും നേരിട്ട് നിയമനം ലഭിച്ചവരുമടങ്ങുന്ന സബ് ഇൻസ്പെക്ടർമാരുടെ സംയോജിത പട്ടികയാണ് നിലവിലുള്ളത്. വേർതിരിച്ച് പട്ടിക സൂക്ഷിക്കുന്നില്ല. |
| (എഫ്) | കേരള സിവിൽ പോലീസ് കേഡർ നിലവിൽ വന്നപ്പോൾ ജില്ലാ റിസർവ്, ആംഡ് പോലീസ് ബറ്റാലിയൻ എന്നീ യൂണിറ്റുകളിലെ എത്ര സബ് ഇൻസ്പെക്ടർമാരെ ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിലേക്ക് മാറ്റി നിയമിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ഇപ്രകാരം പുതുതായി സൃഷ്ടിച്ച സബ് ഇൻസ്പെക്ടർ തസ്തികകളിൽ കോൺസ്റ്റാബുലറി വിഭാഗത്തിൽ നിന്ന് സ്ഥാനക്കയറ്റം ലഭിച്ച സബ് ഇൻസ്പെക്ടർമാർ/ നേരിട്ട് നിയമനം ലഭിക്കുന്ന സബ് ഇൻസ്പെക്ടർമാർ എന്ന അനുപാതം പാലിച്ചിട്ടുണ്ടോ; എങ്കിൽ രണ്ട് വിഭാഗത്തിൽ നിന്നും എത്ര പേരെ വീതം ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിലേക്ക് മാറ്റി നിയമിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എഫ്) | കേരള സിവിൽ പോലീസ് കേഡർ (KCP) തിരഞ്ഞെടുത്ത് ഓപ്ഷൻ നൽകിയ 34 പേരെ സിവിൽ പോലീസ് കേഡറിലേക്ക് മാറ്റി നിയമിച്ചു. ഈ നിയമനം സ്ഥാനക്കയറ്റമല്ല. |
| (ജി) | ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽ കോൺസ്റ്റാബുലറി വിഭാഗത്തിൽ നിന്ന് സ്ഥാനക്കയറ്റം ലഭിച്ച സബ് ഇൻസ്പെക്ടർ വിരമിക്കുന്ന ഒഴിവിലേക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നേരിട്ട് സബ് ഇൻസ്പെക്ടർമാരെ നിയമിക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ജി) | കേരള പോലീസ് സേനയിൽ പ്രമോഷൻ വഴി നിയമിതരായ എസ്.ഐ.മാരുടെയും നേരിട്ട് നിയമിതരായ എസ്.ഐ.മാരുടെയും അനുപാതം കൃത്യമായും 1:1 എന്ന രീതിയിൽ നിലനിർത്തിയാണ് നിയമനം നടത്തി വരുന്നത്. |

സെക്ഷൻ ഓഫീസർ